LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. ഫണ്ട് വിനിയോഗം

113 (4104) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2010 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ഓരോ നിയമസഭാമണ്ഡലങ്ങളിലും എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി എത്ര രൂപയുടെ വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) 2011 മുതൽ 2014 വരെ സംസ്ഥാനത്തെ ഓരോ നിയമസഭാ മണ്ഡലങ്ങളിലും എം.എൽ.എ. ഫണ്ട് ഉപയോഗപ്പെടുത്തി എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന് ഹെഡ് ഓഫ് അക്കൗണ്ട്

114 (4105) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡമനുസരിച്ച് വിവിധ പ്രവൃത്തികൾക്കുള്ള ചെലവ് കണ്ടെത്തുന്നതിലേയ്ക്ക് അതത് ഭരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിലായി ബഡ്ജറ്റ് തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരമുള്ള ഓരോ നോൺ പ്ലാൻ ശീർഷകങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുതലവന്മാരെയും ചീഫ് കൺട്രോളിംഗ് ഓഫീസർമാരെയും നിശ്ചയിച്ചിട്ടുണ്ട്. പ്രത്യേകമായ ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുന്ന കാര്യം പരിശോധനയിലാണ്.